"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

DGE/14989/2025-sports2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി :02.08.2025

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം-സ്പോർട്സ് 2025-26 സംസ്ഥാന വോളിബോൾ സെലക്ഷൻ ട്രയൽ സംഘടിപ്പിക്കുന്നത് സംബന്ധിച്ച്

സൂചന :- 28.07.2025 ലെ ഇതേ നമ്പർ സർക്കുലർ

.....

ചൈനയിലെ ഷാങ്ഹായിൽ വെച്ച് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടിയുള്ള ലോക സ്കൂൾ വോളിബോൾ ചാമ്പ്യൻഷിപ്പ് (U15) ഇൻറർനാഷണൽ സ്കൂൾ സ്പോർട്സ് ഫെഡറേഷൻ (ISF) സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ചാമ്പ്യൻഷിപ്പിന്റെ ഭാഗമായി, നമ്മുടെ രാജ്യത്തെ പ്രതിനിധീകരിച്ച് ഒരു ടീമിനെ അയക്കുവാൻ SGFI തീരുമാനിച്ചിട്ടുണ്ട്.

ആയതിലേക്കായി മുഴുവൻ അഫിലിയേറ്റഡ് യൂണിറ്റുകളോടും, ഓരോ യൂണിറ്റിൽ നിന്നും എട്ട പേർ അടങ്ങുന്ന ഓരോ (ആൺ/പെൺ) ടീമിനെ തെരഞ്ഞെടുത്ത് അയക്കുവാൻ SGFI നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ യൂണിറ്റുകളിൽ ഇങ്ങനെ അയക്കുന്ന കായിക താരങ്ങളിൽ നിന്നും ആണ് കേന്ദ്രീകൃത സെലക്ഷൻ ട്രയൽ നടത്തി ടീമിനെ തീരുമാനിക്കുന്നത്.

Pune, Balewadi യിൽ വച്ച് സംഘടിപ്പിക്കുന്ന സെലക്ഷൻ ട്രയലിൽ U15 B കാറ്റഗറി റിപ്പോർട്ട് ചെയ്യേണ്ട തീയതി ഓഗസ്റ്റ് 25 ഉം, U15 G- ന്റേത് ഓഗസ്റ്റ് 28 ഉം ആണ്. നമ്മുടെ സംസ്ഥാനത്ത് നിന്നും ട്രയൽസിൽ പങ്കെടുക്കുന്നതിനുള്ള കുട്ടികളുടെ (8 പേർ വീതം) പേര് വിവരം ഓഗസ്റ്റ് 20 ന് മുൻപായി നൽകേണ്ടതുണ്ട്. ആയതിലേക്കായി സംസ്ഥാനതല സെലക്ഷൻ ട്രയൽ നടത്തുന്നതിനായി മിനിമം യോഗ്യത നിശ്ചയിച്ച് അപേക്ഷ ക്ഷണിച്ചിരുന്നു.

**സെലക്ഷൻ ട്രയലിനായി രജിസ്റ്റർ ചെയ്ത കുട്ടികൾ ചുവടെ കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.**

1. 2024-25 വർഷം ജില്ല മത്സരങ്ങളിൽ ലഭിച്ച മെരിറ്റ് സർട്ടിഫിക്കറ്റ്/സംസ്ഥാന മത്സരത്തിൽ ലഭിച്ച പങ്കാളിത്ത/മെരിറ്റ് സർട്ടിഫിക്കറ്റിന്റെ പ്രധാന അദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

2. sports.kite.kerala.gov.in ൽ നൽകിയിട്ടുള്ള എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്ത് പ്രധാനാദ്ധ്യാപകനെക്കൊണ്ട് സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

3 . **ആഗസ്റ്റ് 5 മുതൽ 8 വരെ തീയതികളിൽ തിരുവനന്തപുരം ജി.വി രാജ സ്പോർട്സ് സ്കൂളിൽ** വച്ചാണ് സെലക്ഷൻ ട്രയൽ നടത്തുന്നത്. സെലക്ഷൻ ട്രയലിനായി രജിസ്റ്റർ ചെയ്ത ആൺകുട്ടികൾ 05/08/2025 ന് രാവിലെ 8 മണിക്കും പെൺകുട്ടികൾ 07/08/2025 ന് രാവിലെ 8 മണിക്കും **തിരുവനന്തപുരം ജി.വി രാജ സ്പോർട്സ് സ്കൂളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.**

4. പങ്കെടുക്കുന്ന കുട്ടികൾ വയസ് തെളിയിക്കുന്ന രേഖ നിർബന്ധമായും കൊണ്ട് വരേണ്ടതാണ്.

**5. ട്രയൽസിൽ പങ്കെടുക്കുന്ന കുട്ടികൾ മെഡിക്കൽ ഫിട്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.**

**6. ആൺകുട്ടികളുടെ സെലക്ഷൻ ട്രയൽ 5,6 തീയതികളിലും പെൺകുട്ടികളുടെ സെലക്ഷൻ ട്രയൽ 7,8 തീയതികളിലും ആണ് നടത്തപ്പെടുക.**

7. സെലക്ട് ചെയ്യപ്പെടുന്ന ആൺകുട്ടികൾക്ക് 5-)o തീയതിയും പെൺകുട്ടികൾക്ക് 7-)o തീയതിയും അക്കൊമഡേഷൻ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. (കുട്ടികൾക്ക് മാത്രം)

ഒപ്പ്/-
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (സ്കൂളുകളിൽ കൃത്യമായി അറിയിപ്പ് നൽകേണ്ടതാണ്).
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ സ്കൂൾ പ്രഥമാദ്ധ്യാപകർക്കും (DDE/DEO/AEO മുഖേന)

DIRECTORATE OF GENERAL EDUCATION • JAGATHY THIRUVANANTHAPURAM-14 •

// അംഗീകാരത്തോടെ//

സൂപ്രണ്ട്